**അനുശോചനം**

<u>സിയാച്ചിനിൽ മഞ്ഞിടിഞ്ഞു വീണ് മരണമടഞ്ഞ ബി. സുധീഷിനും</u>

<u>ഹനുമന്തപ്പയ്ക്കും ആദരാഞ്ജലികൾ</u>

<u>മി. സ്പീക്കർ:</u> ഓർഡർ..... ഓർഡർ..... സിയാച്ചിനിലെ മഞ്ഞിടിച്ചിലിൽ കുടുങ്ങി ആറാം ദിവസം ജീവനോടെ കണ്ടെത്തിയ ഹനുമന്തപ്പ അന്തരിച്ച വിവരം വ്യസനസമേതം സഭയെ അറിയിക്കുന്നു.

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻ ചാണ്ടി):</u> കേരളത്തിൽ നിന്നുള്ള ഒരു ജവാൻ കൂടി ആ ദുരന്തത്തിൽ മരണപ്പെട്ടിരുന്നു. ആ ജവാനുൾപ്പെടെ എല്ലാവരേയും അനുശോചനത്തിൽ ഉൾപ്പെടുത്തണം.

<u>മി. സ്പീക്കർ:</u> അക്കാര്യം കൂടി സഭയെ അറിയിക്കുന്നു. ഈ മഹത്‌വ്യക്തികളോടുള്ള ആദരസൂചകമായി അല്പസമയം നമുക്കെല്ലാവർക്കും എഴുന്നേറ്റ് നിൽക്കാം.

(അന്തരിച്ച മഹത് വ്യക്തികളോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റ് നിന്ന് മൗനം ആചരിച്ചു.)